**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1524** **19-01-2021 - ൽ മറുപടിയ്ക്ക്**

**'ഡബിൾ കോൾ' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ 'ഡബിൾ കോൾ' പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ നെല്ലുൽപാദനം എത്രമാത്രം വർദ്ധിപ്പിക്കാനായി എന്ന് അറിയിക്കാമോ ; | (ബി) | 2018-19 ഓപ്പറേഷൻ 'ഡബിൾ കോൾ' ഒന്നാം വർഷം 16 പാടശേഖരങ്ങളിലായി 2000 ഏക്കറിൽ കൃഷി നടത്തുകയും 2500 മെട്രിക് ടൺ (5.4 കോടി രൂപയുടെ ഉത്പാദനം) ഉണ്ടാവുകയും ചെയ്തു. 2019-20 രണ്ടാം വർഷം 6 പാടശേഖരങ്ങളിലായി 400 ഏക്കറിൽ കൃഷി ഇറക്കുകയും 425 മെട്രിക് ടൺ (1.15 കോടി രൂപയുടെ ഉത്പാദനം) ഉണ്ടാകുകയും ചെയ്തു. 2020-21 മൂന്നാം വർഷത്തിൽ 1500 ഏക്കറിൽ നെൽകൃഷിയും 900 ഏക്കറിൽ പയറ്, ചോളം എന്നിവയും പ്രദർശനത്തോട്ടത്തിന്റെ മാതൃകയിൽ 15 ഏക്കറിൽ എള്ള് കൃഷിയും ചെയ്യുന്നതിന് തീരുമാനമായിട്ടുണ്ട്. 2019-20-ലെ നീണ്ടു നിന്ന കാലവർഷവും വെള്ളപ്പൊക്കവും മൂലം ഒന്നാം വിള വൈകുകയും തൻമൂലം ഡബിൾ കോൾ കൃഷിയുടെ വിസ്തൃതി കുറയാനുമിടയായി. 2018-19 കൊല്ലത്തിൽ 99600 തൊഴിൽദിനങ്ങളും രണ്ടാം വർഷത്തിൽ 40000 തൊഴിൽദിനങ്ങളും സൃഷ്ടിച്ചു. 2019-20 വർഷത്തിൽ പയറുവർഗ്ഗങ്ങൾ 400 ഹെക്ടറിലും നവര 50 ഹെക്ടറിലും കൃഷിയിറക്കുകയുണ്ടായി. 2020 മാർച്ച് മുതലുണ്ടായ കോവിഡ് പ്രതിസന്ധി രണ്ടാം വർഷത്തെ ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതിയെ പ്രാരംഭദിശയിൽ ബാധിച്ചു. |
| (സി) | ഡബിൾ കോൾ പദ്ധതി പ്രകാരം നെൽകർഷകർക്ക് നിലവിലുള്ള ആനുകൂല്യങ്ങൾക്ക് പുറമേ മറ്റ് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ ? | (സി) | നെൽകൃഷിയ്ക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന എസ്.ഡി.ആർ, ആർ.കെ.വി.വൈ, കുമ്മായം, ഉത്പാദന ബോണസ്സ്, പമ്പിംഗ് സബ്സിഡി എന്നീ ആനുകൂല്യങ്ങൾക്കു പുറമേ 10,000/- രൂപ കൂടി ഒരു ഹെക്ടറിന് നൽകുന്നു. കൂടാതെ പെട്ടിപറ മാറ്റി അഞ്ചു സബ്-മേഴ്സിബിൾ പമ്പ്സെറ്റ് സ്ഥാപിക്കുകയും ഇതിന് അനുബന്ധമായി ട്രാൻസ്ഫോർമറുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. 15 ട്രാക്ടറുകൾക്ക് റോട്ടോവേറ്റർ അനുവദിച്ചിട്ടുണ്ട്. ഓപ്പറേഷൻ ഡബിൾകോൾ പദ്ധതിയിൽ രണ്ടാംവിള കൃഷി ചെയ്യുന്ന കർഷകർക്ക് എ.ആർ.എസ്. മണ്ണുത്തി വികസിപ്പിച്ചെടുത്ത മനുരത്ന വിത്ത് നൽകിയിട്ടുണ്ട്. കൂടാതെ സമയബന്ധിത മായി ജലസേചന സൗകര്യം, കുമ്മായം, ജൈവവളം മുതലായവ ലഭ്യമാക്കൽ, കീടരോഗ നിയന്ത്രണത്തിനായി കേരള കാർഷിക സർവ്വകലാശാലയുടെ ഇടപെടൽ, കൊയ്ത്തിനായി കെയ്കോയുടെ സഹകരണം, നെല്ല്സംഭരണത്തിന് സപ്ലൈകോ രജിസ്ട്രേഷൻ മുതലായവയും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ